(ബി) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെ കീഴിലുള്ള വാടകക്കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന ചില പ്രീമെട്രിക് ഹോസ്റ്റലുകളിലെ അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കാസർഗോഡ് ജില്ലയിൽ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ

67 [5444] ശ്രീ. കെ. വി. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികൾക്കായി ഒരു പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ പുതിയ പോസ്റ്റ്മെട്രിക് ഹോസ്റ്റൽ അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽപ്പെട്ട ആൺകുട്ടികൾക്കായി പോസ്റ്റ്മെട്രിക് ഹോസ്റ്റൽ നിലവിലുണ്ട്.

(ബി) ബാധകമല്ല.

കുന്ദമംഗലം ഹോസ്റ്റലിന് സ്വന്തം കെട്ടിടം

68 [5445] ശ്രീ. യു. സി. രാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലത്തുള്ള പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ (സി.ഡബ്ല്യു. ആർ.ഡി.എം.) കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇതിന് വാടകയിനത്തിൽ മാസംതോറും സർക്കാർ എത്ര രൂപ നൽകുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(സി) ഈ കെട്ടിടത്തിൽ സൗകര്യമില്ലാത്തതുമൂലം വിദ്യാർത്ഥികൾ പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇത് ലഘൂകരിക്കുന്നതിനുവേണ്ടി ഹോസ്റ്റലിന് സ്വന്തം കെട്ടിടം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(ഇ) ഇതിനുവേണ്ടി കുന്ദമംഗലത്തിന്റെ പരിസരത്തുള്ള പുറംപോക്ക് സ്ഥലങ്ങൾ ഉപയോഗപ്പെടുത്താൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(എഫ്) എങ്കിൽ ഇതിനുവേണ്ടി കണ്ടെത്തിയ ഭൂമി ഏതെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly